"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 - കേരള ബാങ്ക് മുഖേന Farmer Producers Organisation (FPO) ആരംഭിക്കുന്നതിന് - ആദ്യ ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.109/2025/Co-Op തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:-

1. സ. ഉ. (സാധാ) നം. 666/2023/സഹ തീയതി 15/12/2023
2. സഹകരണ സംഘം രജിസ്ട്രാറുടെ 21/10/2024 ലെ പി&എം എ (1)5051/2023 നം കത്ത്
3. സ.ഉ (സാധാ) നം.57/2024/ധന തീയതി 17/07/2024
4. സ.ഉ (സാധാ) നം.76/2024/ധന തീയതി 31/08/2024
5. 15/11/2024 ലെ ചീഫ് സെക്രട്ടറിതല യോഗതീരുമാനം.
6. 16/12/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം
7. സർക്കുലർ നം.35/2024/ധന തീയതി 12/06/2024
8. സ.ഉ (സാധാ) നം. 64/2025/സഹ തീയതി 30/01/2025
9. സ.ഉ (സാധാ) നം. 68/2025/സഹ തീയതി 03/02/2025
10. സ.ഉ (സാധാ) നം. 1787/2025/ധന തീയതി 24/02/2025

**ഉത്തരവ്**

2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന, കേരള ബാങ്ക് മുഖേന 100 Farmer Producers Organisation (FPO) ആരംഭിക്കുന്നതിനായി 1000.00 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി

ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കേരളാബാങ്ക് ലഭ്യമാക്കിയ പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ, സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2) ധനകാര്യ വകുപ്പിന്റെ, പരാമർശം (3, 4) ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം 2024-25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം പുനഃക്രമീകരിച്ച് തയ്യാറാക്കിയ സഹകരണ വകുപ്പിന്റെ ലിസ്റ്റ് പരാമർശം (5) പ്രകാരമുള്ള യോഗം അംഗീകരിച്ചിരുന്നു. നിലവിൽ പ്രവർത്തനസജ്ജമായതും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 36 FPO കൾക്ക് അനുവദിക്കേണ്ട തുകയുടെ ആദ്യ ഗഡുവായി 1,08,00,000/- രൂപ (ഒരു കോടി എട്ട് ലക്ഷം രൂപ - 36 x Rs.3,00,000) അനുവദിക്കുന്നതിനായുള്ള കേരളബാങ്കിന്റെ പ്രൊപ്പോസലും അനുബന്ധങ്ങളും പരാമർശം (6) പ്രകാരമുള്ള യോഗത്തിൽ പരിഗണിക്കുകയും, കേരളബാങ്ക് മുഖേനയുള്ള 36 എഫ് പി ഓ കൾക്ക് 360 ലക്ഷം രൂപ one time assistance ആയി അനുവദിക്കുന്നതിനും, ആയതിൽ 108 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ റി അപ്രോപ്രിയേഷൻ പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്കു വിധേയമായി അംഗീകരിക്കുകയും, പരാമർശം (8) പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. 2024-25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം പുനഃക്രമീകരിച്ച് തയ്യാറാക്കിയ സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പ്രകാരം ധനസഹായം അനുവദിക്കുന്നതിന് പരാമർശം (9) പ്രകാരം സമഗ്ര ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ലിസ്റ്റിൽ മേൽ പ്രപ്പോസലും ഉൾപ്പെട്ടിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശുപാർശയുടെയും പരാമർശം (6, 9) എന്നിവയുടെയും അടിസ്ഥാനത്തിൽ നിലവിൽ പ്രവർത്തനസജ്ജമായതും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 36 FPO കൾക്ക് (Farmer Producer Organisation) ആദ്യ ഗഡുവായി 108 ലക്ഷം രൂപ (നൂറ്റിയെട്ട് ലക്ഷം രൂപ മാത്രം) 2425-00-107-60-34-3 (PV) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത തുക, പരാമർശം (7) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സസൂക്ഷ്മം നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/42/2024/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 27-02-2025 12:11:47

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി. എ ക്ക്